**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1161** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കായി സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ ഏതൊക്കെയാണ്; | (എ) | മത്സ്യത്തൊഴിലാളി സമൂഹത്തിലെ വിദ്യാർത്ഥികളായ കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസ–സാമൂഹിക ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വിദ്യാതീരം. പദ്ധതിയുടെ ഭാഗമായി പ്രീ–മെട്രിക്, പോസ്റ്റ്–മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, മെഡിക്കൽ/ IIT/NIT/സിവിൽ സർവീസ് പ്രവേശന പരിശീലനം, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവ നൽകി വരുന്നു. ഓരോ വർഷവും ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിലുള്ള ഏകദേശം 1000 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.<br><br>മാതാപിതാക്കളെ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ പഠിപ്പിച്ച് സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനായി ദത്തെടുക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം ഇതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 22 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ഫിഷറീസ് സ്കൂളുകളിൽ (GRFTHS) കായിക വികസനത്തിനായി ധനസഹായം നൽകുന്നതോടൊപ്പം സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി ഉപകരണങ്ങളും കോച്ചിംഗ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ കായിക അടിസ്ഥാന സൗകര്യ വികസനത്തിന് 3.5 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകി പ്രവൃത്തി നടപ്പിലാക്കി വരുന്നു. TIDE കേരളം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും മാനസികാരോഗ്യ സംരക്ഷണത്തിനുമായി ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരുടെ സേവനവും ആരംഭിച്ചിട്ടുണ്ട്. |

ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തന ചെലവുകൾ, ഹോസ്റ്റൽ വിദ്യാർത്ഥികളുടെ മെസ് അലവൻസ്, യൂണിഫോം, പഠന സാമഗ്രികൾ, മെഡിക്കൽ കെയർ എന്നിവയ്ക്കായി നടപ്പ് വർഷം 3.02 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രതിഭാതീരം പദ്ധതി വഴി തീരദേശ ലൈബ്രറികളിൽ ഇ-ലേണിംഗ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ പ്രീ–മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വിദ്യാതീരം പദ്ധതിയിലൂടെ നൽകിയ കോച്ചിംഗിലൂടെ നിരവധി മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. 104 വിദ്യാർത്ഥികൾക്ക് MBBS പ്രവേശനവും 104 പേർക്ക് BDS, BAMS, BHMS, BVSc തുടങ്ങിയ മറ്റ് മെഡിക്കൽ സ്ട്രീമുകളിലും കൂടാതെ 264 വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് ഉൾപ്പെടെ മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും പ്രവേശനം ലഭിച്ചു.

കൂടാതെ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദേശ പഠന സൗകര്യവും പദ്ധതി പ്രകാരം നൽകി വരുന്നു. നിലവിലെ സർക്കാരിന്റെ കാലയളവിൽ മൂന്ന് (3) വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അവാർഡ് നൽകി വരുന്നു. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും അനുവദിക്കുന്നു.

ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹന ധനസഹായമായി പരമാവധി 5,000 രൂപ വരെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സർവകലാശാലകൾ നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്നവർക്ക് 10,000, രൂപ രണ്ടാം റാങ്കിന് 9,000 രൂപ മൂന്നാം റാങ്കിന് 8,000 രൂപ എന്നിങ്ങനെ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകളിൽ

| | | | |
|---|---|---|---|
| | | | മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ വിദേശത്തോ പഠിക്കുന്ന മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് പരമാവധി 1,00,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി മത്സ്യബോർഡ് വഴി നടപ്പിലാക്കി വരുന്നു.<br><br>കായികവും വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകളെ ആദരിക്കുന്നതിനായി ഓരോ ജില്ലയിലും പരമാവധി 40,000 രൂപ വരെ അനുവദിക്കുന്ന പദ്ധതി മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും കുടിശിക സംബന്ധിച്ച വിവരവും ഇനം/വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വിദ്യാഭ്യാസ സഹായ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും കുടിശിക സംബന്ധിച്ച വിവരവും ഇനം/വർഷം തിരിച്ചുള്ള വിശദാംശം**

| ക്രമ നം. | ഘടകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | കുടിശ്ശിക |
|---|---|---|---|---|---|
| **2021-22** | | | | | |
| 1 | മെഡിക്കൽ എൻട്രൻസ് പരിശീലനം | 117 | 83.9 | 83.9 | ഇല്ല |
| 2 | പി.എസ്.സി. കോച്ചിംഗ് | 7.50 | -- | -- | ഇല്ല |
| 3 | ദത്തെടുക്കൽ | 20 | 9.53 | 9.53 | ഇല്ല |
| 4 | ബാങ്ക് കോച്ചിംഗ് | 15 | | | ഇല്ല |
| 5 | ഓപ്പറേഷണൽ എക്സ്പെൻസ് | 254.75 | 122.64 | 122.64 | ഇല്ല |
| 6 | സിവിൽ സർവീസ് പരിശീലനം | 12 | 4.89 | 4.89 | ഇല്ല |
| 7 | സെന്റർ ഓഫ് എക്സലൻസ് | 7.5 | 4.58 | 4.58 | ഇല്ല |
| 8 | പോസ്റ്റ് -മെട്രിക് | 533.25 | 533.25 | 533.25 | ഇല്ല |
| 9 | ടാബ്ലെറ്റ് വിതരണം | 328 | | | ഇല്ല |
| 10 | മിസലേനിയസ് | 5 | 1.10 | 1.10 | ഇല്ല |
| **2022-23** | | | | | |
| ക്രമ നം. | ഘടകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | കുടിശ്ശിക |
| 1 | മെഡിക്കൽ എൻട്രൻസ് പരിശീലനം | 130 | 113.77 | 113.77 | ഇല്ല. |
| 2 | കരിയർ ഗൈഡൻസ് പ്രോഗ്രാം | 9 | 9 | 9 | ഇല്ല. |
| 3 | ദത്തെടുക്കൽ | 15 | 9.69 | 9.69 | ഇല്ല. |
| 4 | ബാങ്ക് കോച്ചിംഗ് | 15 | 2.46 | 2.46 | ഇല്ല. |
| 5 | ഓപ്പറേഷണൽ എക്സ്പെൻസ് | 336 | 320.88 | 320.88 | ഇല്ല. |
| 6 | സിവിൽ സർവീസ് പരിശീലനം | 12 | 3.38 | 3.38 | ഇല്ല. |
| 7 | സെന്റർ ഓഫ് എക്സലൻസ് | 15 | 14.82 | 14.82 | ഇല്ല. |
| 8 | പോസ്റ്റ് -മെട്രിക് | 721 | 721 | 721 | ഇല്ല. |

| | | | | | |
|---|---|---|---|---|---|
| 9 | മിസലേനിയസ് | 5 | 1.11 | 1.11 | ഇല്ല. |

**2023-24**

| ക്രമ നം. | ഘടകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | മെഡിക്കൽ എൻട്രൻസ് പരിശീലനം | 130 | 114.5 | 114.5 | ഇല്ല. |
| 2 | കരിയർ ഗൈഡൻസ് പ്രോഗ്രാം | 3 | 3 | 3 | ഇല്ല. |
| 3 | ദത്തെടുക്കൽ | 15 | 13.52 | 13.52 | ഇല്ല. |
| 4 | NIT/IIT കോച്ചിംഗ് | 9 | 4.24 | 4.24 | ഇല്ല. |
| 5 | ഓപ്പറേഷണൽ എക്സ്പെൻസ് | 360 | 320 | 320 | ഇല്ല. |
| 6 | സിവിൽ സർവീസ് പരിശീലനം | 12 | 7.72 | 7.72 | ഇല്ല. |
| 7 | സെന്റർ ഓഫ് എക്സലൻസ് | 15 | 8.68 | 8.68 | ഇല്ല. |
| 8 | പോസ്റ്റ് -മെട്രിക് | 702 | 691.6 | 691.6 | ഇല്ല. |
| 9 | സ്പോർട്ട്സ് ആക്റ്റിവിറ്റി സപ്പോർട്ട് | 49 | 42.95 | 42.95 | ഇല്ല. |
| 10 | മിസലേനിയസ് | 5 | 0.256 | 0.256 | ഇല്ല. |

**2024-25**

| ക്രമ നം. | ഘടകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | മെഡിക്കൽ എൻട്രൻസ് പരിശീലനം | 130 | 109.48 | 109.48 | ഇല്ല |
| 2 | കരിയർ ഗൈഡൻസ് പ്രോഗ്രാം | 3 | 3 | 3 | ഇല്ല |
| 3 | ദത്തെടുക്കൽ | 15 | 12 | 12 | ഇല്ല |
| 4 | NIT/IIT കോച്ചിംഗ് | 7.2 | -- | -- | ഇല്ല |
| 5 | ഓപ്പറേഷണൽ എക്സ്പെൻസ് | 360 | 332.00 | 332.00 | ഇല്ല |
| 6 | സിവിൽ സർവീസ് പരിശീലനം | 9.6 | -- | -- | ഇല്ല |
| 7 | സെന്റർ ഓഫ് എക്സലൻസ് | 15 | 5.81 | 5.81 | ഇല്ല |
| 8 | പോസ്റ്റ് -മെട്രിക് | 928 | 928 | 928 | ഇല്ല |
| 9 | സ്പോർട്ട്സ് ആക്റ്റിവിറ്റി സപ്പോർട്ട് | 10 | 10 | 10 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 10 | അസാപ് | 9 | -- | -- | ഇല്ല |
| 11 | കെ-ഡിസ്ക് | 6 | -- | -- | ഇല്ല |
| 12 | ഐ ഇ സി ആക്റ്റിവിറ്റി | 7 | 1.88 | 1.88 | ഇല്ല |
| **2025-26** | | | | | |
| ക്രമ നം. | ഘടകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | കുടിശ്ശിക |
| 1 | മെഡിക്കൽ എൻട്രൻസ് പരിശീലനം | 162.5 | 108.5 | 108.5 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 2 | കരിയർ ഗൈഡൻസ് പ്രോഗ്രാം | 3 | 3 | 3 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 3 | ദത്തെടുക്കൽ | 15 | 14.92 | 14.92 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 4 | NIT/IIT കോച്ചിംഗ് | 8.4 | 4.69 | 4.69 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 5 | ഓപ്പറേഷണൽ എക്സ്പെൻസ് | 360 | 302 | 302 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 6 | സിവിൽ സർവീസ് പരിശീലനം | 9.6 | 8.36 | 8.36 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 7 | സെന്റർ ഓഫ് എക്സലൻസ് | 15 | 4.88 | 4.88 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 8 | പോസ്റ്റ് -മെട്രിക് | 969.5 | 969.5 | 969.5 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 9 | സ്പോർട്ട്സ് ആക്റ്റിവിറ്റി സപ്പോർട്ട് | 10 | 10 | 10 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 10 | അസാപ്-കെ-ഡിസ്ക് | 17 | -- | -- | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 11 | മിസലേനിയസ് | 3 | 1.89 | 1.89 | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |